പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം
നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 349
15.03.2018 ലെ മറുപടിയ്ക്ക്

## പങ്കാളിത്ത പെൻഷൻ പദ്ധതി

ചോദ്യം :
ശ്രീ.പി.ടി.തോമസ്
ശ്രീ.വി.ഡി.സതീശൻ
ശ്രീ.ഹൈബി ഈഡൻ
ശ്രീ.വി.ടിബൽറാം

ഉത്തരം :
ഡോ.തോമസ് ഐസക്ക്
(ബഹു. ധനകാര്യ വകുപ്പ് മന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | പങ്കാളിത്ത പെൻഷൻ പദ്ധതിയെക്കുറിച്ച് പഠിക്കുവാനായി കേന്ദ്രസർക്കാർ നിയമിച്ച ഹൈ ലെവൽ ടാസ്ക് കമ്മിറ്റിയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരും ഇതര സംസ്ഥാന സർക്കാരുകളും മറ്റെല്ലാ ആനുകൂല്യങ്ങളും പങ്കാളിത്ത പെൻഷനിൽ അംഗമായ ജീവനക്കാർക്ക് അനുവദിച്ച് നല്കിയിരിക്കുന്നതിനാൽ സംസ്ഥാനത്തും പ്രസ്തുത ആനുകൂല്യങ്ങൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുന്നതാണ്. |
| ബി | പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ജോലി കിട്ടുന്നത് വരെ ജീവനക്കാരൻ അവസാനം വാങ്ങിയ | മുൻസർക്കാരിന്റെ തീരുമാനം നടപ്പാക്കുന്നതിനായി കൂടുതൽ വിശദമായ പരിശോധന ആവശ്യമായതിനാൽ ധനവകുപ്പ് പ്രസ്തുത വിഷയം വിവിധ തലങ്ങളിലായി പരിശോധിക്കുകയും |

| | | |
|---|---|---|
| | ശമ്പളം പ്രതിമാസം നല്കമെന്ന മുൻ സർക്കാർ തീരുമാനം ഈ സർക്കാർ റദ്ദാക്കിയിരുന്നോ; അതിനുള്ള കാരണം എന്താണ്? | ജീവനക്കാരൻ അവസാനം വാങ്ങിയ ശമ്പളം ആശ്രിതന് പ്രതിമാസം നല്കിയാൽ വന്നേക്കാവുന്ന കനത്ത സാമ്പത്തിക ബാധ്യത പരിഗണിച്ചു കൊണ്ട് ആയതിൽ മാറ്റം വരുത്തി ഉയർന്ന തുകയോ പരിധിയോ നിശ്ചയിക്കണമെന്ന് 19.01.2015-ൽ തന്നെ മുഖ്യമന്ത്രിയുടെ തലത്തിൽ തീരുമാനമെടുത്തിരുന്നു. ഇതിന്റെ തുടർച്ചയായി പ്രസ്തുത വിഷയം മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കുകയും ജീവനക്കാരന്റെ അവസാന ശമ്പളം എന്നതിന് പകരം അവസാന അടിസ്ഥാന ശമ്പളത്തിന്റെ 30% ന് തുല്യമായ ഒരു തുക അനുവദിക്കുന്നതിനായി അംഗീകാരം നല്കുകയും അപ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. (G.O (P) No. 126/2016/Fin. Dated. 31.08.2016) |
| സി | സംസ്ഥാനത്ത് നടപ്പാക്കിയ പങ്കാളിത്ത പെൻഷൻ പദ്ധതി പൂർണ്ണമായും പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുന:സ്ഥാപിക്കുന്നതിനാണോ നിലവിലുള്ള പദ്ധതിയിലെ അപാകതകൾ പരിഹരിച്ച് കൂടുതൽ ശക്തമായി മുന്നോട്ട് കൊണ്ടു | സമിതിയെ നിയമിക്കുന്ന കാര്യവും പരിഗണനാ വിഷയങ്ങളും സർക്കാർ പരിശോധിച്ച് വരികയാണ്. |

| | | |
|---|---|---|
| | പോകുന്നതിനാണോ സമിതിയെ ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | |
| ഡി | പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുന്നതാണ് സർക്കാരിന്റെ നയമെങ്കിൽ പദ്ധതിയെ സംബന്ധിച്ച് ഇപ്പോഴും നടന്നു വരുന്ന പരിശീലന പരിപാടികളും മറ്റു നടപടികളും നിർത്തിവയ്ക്കുവാൻ ധനവകുപ്പ് നിർദ്ദേശം നല്കുമോ; വ്യക്തമാക്കാമോ? | സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ